പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 4215 | 25.06.2014 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾക്ക് വാസസ്ഥലം

| ചോദ്യം<br>ശ്രീ. പി. സി. ജോർജ് | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
|---|---|
| (എ) അന്യ സംസ്ഥാനതൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ തൊഴിൽ വകുപ്പ് അധികൃതർ കഴിഞ്ഞ 6 മാസത്തിനുള്ളിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞ വിവരങ്ങൾ എന്തെല്ലാമാണ്; | (എ) ഉണ്ട്. അന്യ സംസ്ഥാനതൊഴിലാളികൾക്ക് ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (RE& CS) ആക്ട്, 1979, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE & CS) ആക്ട്,1996 പ്രകാരം നാളിതുവരെ അന്യ സംസ്ഥാനതൊഴിലാളികൾ ജോലി ചെയ്യുന്ന 127 പണി സ്ഥലങ്ങളിലും അതിനോടു ചേർന്ന ക്യാമ്പുകളിലും പരിശോധനകൾ നടത്തിയിട്ടുണ്ട്. അവയിൽ ചില യിടങ്ങളിൽ മതിയായ സാനിട്ടേഷൻ സൗകര്യങ്ങൾ താമസ സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് നൽകാതെയും ഭക്ഷണ അവശിഷ്ടങ്ങളും, മറ്റു മാലിന്യങ്ങളും നീക്കം ചെയ്യാതെയും കണ്ടെത്തി. ഗുരുതര മായ നിയമലംഘനം നടത്തിയതായി കണ്ടെത്തിയ തൊഴിലുടമകൾക്കെതിരെ നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ബി) അന്യ സംസ്ഥാനതൊഴിലാളികൾ താമസിച്ചിരുന്ന ഏതെങ്കിലും ക്യാമ്പ് പൂട്ടാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; | (ബി) അന്യ സംസ്ഥാനതൊഴിലാളികൾ താമസിച്ചിരുന്ന ക്യാമ്പ് പൂട്ടുവാൻ തൊഴിൽ നിയമപ്രകാരം വകുപ്പില്ലാത്തതിനാൽ ഇതുവരെ |

| | | | |
|---|---|---|---|
| | ഏതു സാഹചര്യത്തിലാണ് ഇപ്രകാരം നോട്ടീസ് നൽകിയത്; | | നോട്ടീസ് നൽകിയിട്ടില്ല. എന്നാൽ സുരക്ഷാ കാരണങ്ങളാൽ കെട്ടിടനിർമ്മാണ സൈറ്റുകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. |
| (സി) | അന്യ സംസ്ഥാനതൊഴിലാളി കൾക്ക് മിതമായ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്ന തിനുവേണ്ടി 2013 – 14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 'നൈറ്റ് ഷെൽട്ടർ' പദ്ധതിക്കുവേണ്ടി 2013-14, 2014 – 15 എന്നീ വർഷങ്ങ ളിലെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; | (സി) | അന്യ സംസ്ഥാനതൊഴിലാളി കൾക്ക് മിതമായ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്ന തിനുവേണ്ടി 2013 – 14 വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'നൈറ്റ് ഷെൽട്ടർ ' പദ്ധതിക്കുവേണ്ടി 2013 – 14 വർഷം 250 ലക്ഷം രൂപയും 2014 – 15 വർഷം 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തി ലാണ്? | (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് 1956 – ലെ കമ്പനി നിയമപ്രകാരം (സെക്ഷൻ 25) ഭവനം ഫൗണ്ടേഷൻ കേരള എന്ന കമ്പനി 11.01.2014- ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനു EOI (Expression of Interest) ക്ഷണിച്ചു. ഇതിനുവേണ്ടി സ്ഥലം കണ്ടെത്തിയതിനുശേഷം ഫ്ളാറ്റ് പണിയാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ.